**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**
ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in

---

നം: ഇ.എസ്6/4556/2022 തീയതി: 21-11-2024

<u>നോട്ടീസ്</u>

വിഷയം:- ആവഡ- ആ.വ.ഡ – ജീവനക്കാര്യം —സർക്കാർ നഴ്സിംഗ് സ്കൂളുകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് പരിശീലനകേന്ദ്രങ്ങളിലും 31.10.2023 വരെയുള്ള നഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം മുഖേനയുള്ള (By transfer) നിയമനത്തിന് യോഗ്യരായ സീനിയർ നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് ഓഫീസർ ഗ്രേഡ്1 (1000 റാങ്ക് വരെയുള്ളവർ) ജീവനക്കാരുടെ അന്തിമ മുൻഗണനാപട്ടികയിൽ ശ്രീമതി .ഷെൽജിമോൾ.ജി യെ താൽക്കാലികമായി ഉൾപ്പെടുത്തി നോട്ടീസ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം :- 1. ഈ ഓഫീസിൽ നിന്നും ഇതേനമ്പർ പ്രകാരമുള്ള 23/11/2022 ലെ സർക്കുലർ
2.കത്ത് നം.എ3-14709/2022 ജി.മെ.ആ കാസർഗോഡ്, തീയതി 09.12.2022
3.ഉത്തരവ് നം.ഇ.എസ്3-6621/2022/ആ.വ.ഡ തീയതി 27.06.2023
4.ഈ ഓഫീസിൽ നിന്നും ഇതേ നമ്പർ പ്രകാരമുള്ള 28/11/2023ലെ ഉത്തരവ്.
5 ഒ.എ(ഇ.കെ.എം) 312/2024 കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ന്റെ 27/02/2024 ലെ ഉത്തരവ്.
6.ഉത്തരവ് നം.ഇ.എസ്3-5175/2024/ആ.വ.ഡ തീയതി 02.05.2024
7.ഒ.എ(ഇ.കെ.എം) 1284/2024 കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ന്റെ 10/10/2024 ലെ ഉത്തരവ്.

ശ്രീമതി.ഷെൽജിമോൾ.ജി ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.312/2024 കേസിന്മേൽ പരാമർശം (5) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരിക്ക് പരാമർശം (3) പ്രകാരം നഴ്സിംഗ് ഓഫീസർ ഗ്രേഡ് I സീനിയോരിറ്റി പട്ടികയിൽ അനുവദിച്ചിരുന്ന 548-ാം സ്ഥാനം പുന:ക്രമീകരിച്ച് 272 A സ്ഥാനം നൽകി പരാമർശം (6) പ്രകാരം ഉത്തരവായി ട്ടുള്ളതാകുന്നു.

പരാമർശം (1) സർക്കുലർ പ്രകാരം സർക്കാർ നഴ്സിംഗ് സ്കൂളുകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് പരിശീലന കേന്ദ്രങ്ങളിലും നഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം മുഖേനയുള്ള (ബൈട്രാൻസ്ഫർ ) നിയമനത്തിനായി ജീവനക്കാരുടെ മുൻഗണനാപട്ടിക തയ്യാറാക്കുന്നതിന് അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അന്തിമ മുൻഗണനാ പട്ടിക

പ്രസിദ്ധീകരിച്ചിരുന്ന സമയത്ത് നഴ്സിംഗ് ഓഫീസർ ഗ്രേഡ് I തസ്തികയിലെ സീനിയോരിറ്റിസ്ഥാന പ്രകാരം പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതാകുന്നു.

എന്നാൽ പരാമർശം (6) പ്രകാരം ടിയാൾക്ക് അനുവദിച്ച് കിട്ടിയ നഴ്സിംഗ് ഓഫീസർ ഗ്രേഡ്I തസ്തികയിലെ സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി പട്ടികയിൽ ടിയാൾ ഉൾപ്പെടാൻ യോഗ്യത ഉണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും പരാമർശം (7) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലും പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി പട്ടികയിൽ ശ്രീമതി. ഷെൽജിമോൾ ജി യ്ക്ക് 21 A റാങ്ക് നല്കി താല്കാലികമായി ഉൾപ്പെടുത്തി നോട്ടീസ് പുറപ്പെടുവിക്കുന്നു.

| SL NO | NAME | PEN | DESIGNATION | D.O.B | PROMOTION ORDER NO & DATE | RANK NO.IN THE SENIORITY LIST OF S/N GR.I UP TO 31.12.2020 | NEWLY ASSIGNED RANK NO .IN THE SENIORITY LIST OF S/N GR.I AS ON 31.12.2022 | PB BSC /BSC/ MSC NRG | QUALIFICATION ACQURED FROM | DATE OF ACQUISITION OF QUALIFICATION |
|---|---|---|---|---|---|---|---|---|---|---|
| 21A | SHELGIMOL.G | 379713 | NURSING OFFICER GR.1 | 25.03. 1977 | EE1/10229/15/ DHS DT.28/05/2015 | 1072 | 272A | PB BSC &MSC | IGNOU UNIVERSITY & KERALA UNIVERSITY OF HEALTH SCIENCES , THRISSUR | DEC-2005& SEP-2014 |

ടിയാൾക്ക് അനുവദിച്ച താല്കാലിക സീനിയോരിറ്റിയ്ക്ക് എതിരെ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തീരുമാനത്തിനെതിരെ ആക്ഷേപങ്ങൾ ഒന്നുമില്ല എന്ന നിഗമനത്തിൽ അന്തിമ ഉത്തരവ് നല്കുന്നതാണ്.

Signed by
Reena K J
Date: 21-11-2024 10:03:52

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

ശ്രീമതി.ഷെൽജിമോൾ .ജി (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

പകർപ്പ്:-

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ( ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)
2. ഫയൽ/കരുതൽ ഫയൽ